# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP2/1157/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 15/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP2/1157/2023 തീയ്യതി: 15/10/2023

## തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 10-07-2023 | 18-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്ര.)
ശ്രീ.അനിൽ കുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വെർജിൻ ഷീജ.റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീതാ ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.എസ്.നവനീത് കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എസ്.ഒ ഷാജികുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എസ്.ഒ ഷാജികുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ജൂലി ലോറൻസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ.അശോക് കുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി സിന്ധു.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു.വി.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി | 01-04-2022 | 20-12-2022 |
| ശ്രീ.ഷംനാദ് | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി | 21-12-2022 | 31-03-2023 |
| ഡോ.അനുരാധ.എ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.റീജ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.പുഷ്പകുമാരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.പ്രദീപ്.എസ്.വി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി സജീഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ.രതീഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീമതി അഭിഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷീൻ ജോൺസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ദിവ്യ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത്.എം.എസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിട്ടില്ല. | 1-1-1 |
| 3 | 'ട്രയൽ ബാലൻസ് -ലെ മുന്നിരിപ്പും മുൻവർഷത്തെ ബാലൻഷീറ്റിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Cash Flow Statement ലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഇ-പേയ്മെൻറ് അക്കൌണ്ടിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | എൽ.ജി.ടി.എസ്.ബി അക്കൌണ്ട് നെഗറ്റീവ് കാണിക്കുന്നു. | 1-1-5 |
| 7 | ഇൻകം ആൻറ് എക്സപെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു. | 1-1-6 |
| 8 | സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ആഭ്യന്തര നിയന്ത്രണം- | 1-6 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 15 | ക്ഷേമ പദ്ധതികൾ | 1-8 |
| 16 | തൊഴിലുറപ്പ് പദ്ധതി-വ്യക്തിഗത ആനുകൂല്യം ക്രഡിറ്റായില്ല തുടർ നടപടി സ്വീകരിക്കണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശം | 1-10 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി. | 1-11 |
| 19 | വസ്തു നികുതി - ശേഖരണം -60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 20 | മിയാവാക്കി വനം നിർമ്മാണം-തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ്. | 1-13 |
| 21 | അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-3,99,440/- രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 22 | കന്നുകുട്ടി പരിപാലനം പദ്ധതി - മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയിട്ടില്ല 39827/-രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 23 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല-3,00,000/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 24 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി | 1-17 |
| 25 | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം പദ്ധതി-മോണിറ്ററിംഗ് ഫലപ്രദമല്ല | 1-18 |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 836969/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 27 | സംയുക്ത പരിശോധന നടത്തേണ്ടത് അനിവാര്യം | 1-20 |
| 28 | ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ- പദ്ധതി പൂർത്തീകരിച്ചില്ല. | 1-21 |
| 29 | പഞ്ചായത്ത് സാംസ്കാരിക നിലയം-അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കേണ്ടതാണ്. | 1-22 |
| 30 | നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചില്ല | 1-23 |
| 31 | ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത – 57030/- രൂപ അധികമായി നൽകി | 1-24 |
| 32 | ടാക്സ് ഓഡിറ്റ്-ലഭ്യമായ വിവരങ്ങളുടെ അവലോകനം | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1),03.07.2023കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊല്ലയിൽഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ളക്കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. എ.എഫ്.എസ് ഓൺലൈനായി സബ്മിറ്റ് ചെയ്തപ്പോൾ കുറിപ്പുകളും റേഷ്യോസും ഉൾപ്പെടുത്താൻ സാധിക്കുന്നില്ലായെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം.23/2023 തീ.19.07.23) മറുപടി നൽകി.

### 1-1-2 'ട്രയൽ ബാലൻസ് -ലെ മുന്നിരിപ്പും മുൻവർഷത്തെ ബാലൻഷീറ്റിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

Trial Balance ( 450210101) Nationalised Bank Account Of Own Revenue Fund -ലെ മുന്നിരിപ്പും മുൻവർഷത്തെ ബാലൻസ് ഷീറ്റ് B- 17 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. മുൻവർഷ ബാലൻസ് ഷീറ്റ് ബി-9 ലെ Other Liabilities (350800299)ലെ 50090/- രൂപ തൻവർഷ Trial Balance ൽ മുന്നിരിപ്പായി ചേർത്തിട്ടില്ല.

### 1-1-3 Cash Flow Statement ലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

Cash Flow Statement ലെ Net Increase/decrease In Cash And Cash Equivalents ലെ തുകയും Net Cash Generated ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Cash Flow Statement ലെ അപാകത പരിശോധിച്ച് മറുപടി തയ്യാറാക്കി സമർപ്പിക്കുമെന്ന് മറുപടി നൽകി.

### 1-1-4 ഇ-പേയ്മെൻറ് അക്കൌണ്ടിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

എസ്.ബി.ഐ ഇ-പേയ്മെൻറ് അക്കൌണ്ട് നമ്പറിലെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എസ്.ബി.ഐ ഇ-പേയ്മെൻറ് അക്കൌണ്ട് നമ്പർ 37252623661 ലെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 1023963/- ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 1020805/- രൂപയുമാണ്. 3158/- രൂപയുടെ വ്യത്യാസം കാണുന്നു. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടില്ല,

### 1-1-5 എൽ.ജി.ടി.എസ്.ബി അക്കൌണ്ട് നെഗറ്റീവ് കാണിക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം ആർ.പി 40(ബി) യിലെ LGTSB (Own Fund) അക്കൗണ്ട് നമ്പർ 799013000000192 ലെ നീക്കിയിരിപ്പ് നെഗറ്റീവ് (- 350000/-) ആയി സൂചിപ്പിച്ചിരിക്കുന്നു.

ഡി.പി.സി മന്ദിര നിർമ്മാണം എന്ന പദ്ധതിക്കായി 350000/-രൂപ പഞ്ചായത്തിന്റെ ട്രഷറി തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും 2023 മാർച്ച് മാസം 30 -ാം തീയതി ചെക്ക് നൽകിയിരുന്നു. എന്നാൽ ടി ട്രഷറി ചെക്ക് പാസ്സാക്കുന്നതിന് മുൻപ് തന്നെ അക്കൌണ്ടിൽ ബാക്കി നിൽപുണ്ടായിരുന്ന തുക സർക്കാർ ഉത്തരവ് പ്രകാരം റിഡംപ്ഷൻ നടത്തുകയുണ്ടായി. റിഡംപ്ഷൻ നടത്തിയ അതേ തുക പേയ്മെന്റ് കാണിക്കേണ്ടി വന്നതിനാൽ അതിന് മുൻപ് നൽകിയ 350000/- രൂപ ബാങ്ക് ബുക്കിൽ ക്ലോസിംഗ് ബാലൻസ് നെഗറ്റീവ് ബാലൻസായി മാറി. 2023 ഏപ്രിൽ നാലിന് റിസംപ്ഷൻ നടത്തിയ തുക സർക്കാർ തിരികെ ലഭിക്കുകയും അതിന് ശേഷം ടി ചെക്ക് മാറി നൽകുകയും ബാലൻസ് കൃത്യമാകുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകി.

### 1-1-6 ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു.

ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു.

ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം വരവിനേക്കാൾ (219,510,785) കൂടുതൽ ചെലവ് (226,258,447)ചെയ്തതിനാൽ 6,747,662/- രൂപയുടെ ഡെഫിസിറ്റ് രേഖപ്പെടുത്തിയിരിക്കുന്നു.

വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തി കൂടുതൽ വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനും അടുത്ത സാമ്പത്തിക വർഷം വരവ് വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ കുറയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-7 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തില്ല.

സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്. മാർച്ച് മാസം പ്രോജക്ടുകളുടെ പൂർത്തീകരണം, നികുതി പിരിവ് 100 ശതമാനം കൈവരിക്കൽ, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ തുടങ്ങി ഒട്ടനവധി ജോലി തിരക്കുകൾ കാരണം സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്താൻ സാധിക്കാതെ വരാറുണ്ട്. എന്നിരുന്നാലും ഐ.എസ്.ഒ യുടെ ഭാഗമായി എല്ലാ വിധ സ്റ്റോക്കുകളിലും പ്രത്യേകം ക്രമ നമ്പർ രേഖപ്പെടുത്തുകയും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ സ്റ്റോക്ക് കൃത്യമാക്കുന്നതിനൊപ്പം മൂല്യ നിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (27/2023 തീ.19.07.2023) മറുപടി നൽകി.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി

അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 28.02.2023 ലെ4(3)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 23.03.2022 | 28.02.23 |
| ഭരണസമിതി തീരുമാനം | 3(1) | 4(3) |
| മുന്നിരിപ്പ് | 5626378 | 28338884 |
| പ്രതീക്ഷിത വരവ് | 293525000 | 262176686 |
| ആകെ | 299151378 | 290515570 |
| പ്രതീക്ഷിത ചെലവ് | 293220276 | 287638910 |
| നീക്കിയിരിപ്പ് | 5931102 | 2876660 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 11722251 ( മുൻവർഷ RP-40(b) പ്രകാരം)<br>11722256 (തൻവർഷ RP-40(a) പ്രകാരം) |
| ഓഡിറ്റ് വർഷത്തെ വരവ് | 43672044 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55394300 |
| ചെലവ് | 44243727 |
| നീക്കിയിരിപ്പ് | 11150573 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 219510785/- രൂപയും ചെലവ് 226258447/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

| ക്രമ നമ്പർ | ഇനം | മുന്നിരിപ്പ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് (ശതമാനത്തിൽ |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് ( ജനറൽ) | 0 | 12452103 | 17604345 | - 5152242 | 141% |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 0 | 8052646 | 7609037 | 443609 | 94% |
| 3 | വികസന ഫണ്ട് (സി,എഫ്.സി.ടൈഡ്) | 0 | 5327728 | 4369214 | 958514 | 82% |
| 4 | വികസന ഫണ്ട് (സി.എഫ്.സി.അൺടൈഡ്) | 0 | 3413277 | 3482730 | -69453 | 102% |
| 5 | മെയിന്റനൻസ് ( റോഡിതരം) | 0 | 6764000 | 6763367 | 633 | 99.9% |
| 6 | മെയിന്റനൻസ് ( റോഡ്) | 0 | 2782000 | 2664741 | 117259 | 96%1 |

1. വികസന ഫണ്ട് (ജനറൽ), സി.എഫ്.സി.അൺടൈഡ് ഫണ്ട് എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

ചുവടെ ചേർത്തിരിക്കുന്ന ഫണ്ടിനങ്ങളുടെ ചെലവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റും എ.സി.ആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | വികസന ഫണ്ട് ( ജനറൽ) | 17604345 | 12404127 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 7609037 | 8052185 |
| 3 | മെയിന്റനൻസ് ( റോഡിതരം) | 6763367 | 6764000 |


വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.
(എ)

| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ.ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ലാപ്പ്സ് തുക |
| വികസന ഫണ്ട് ജനറൽ | 18174000 | 17604345 | 569655 |
| എസ്.സി.പി | 8973000 | 7609037 | 1363963 |
| മെയിന്റനൻസ് റോഡ് | 2782000 | 2664741 | 117259 |
| മെയിന്റനൻസ് നോൺ റോഡ് | 6764000 | 6763367 | 633 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.
ബി)




സി)




ഡി) ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ:ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| ധനകാര്യ കമ്മിഷൻ അവാർഡ് (ബേസിക്) | 3564960 | 3482730 | 82230 |
| ധനകാര്യ കമ്മിഷൻ അവാർഡ് (ടൈഡ്) | 5347440 | 4369214 | 978226 |

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ | ആകെ | നടപ്പിലാ | നടപ്പിലാ | ആകെ | ആകെ | ചെലവ് |
|---|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | ഏറ്റെടുത്ത പദ്ധതികൾ | ക്കിയവ | ക്കാ ത്തവ | പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 6477363 | 3954776 | 61 |
| വെറ്ററിനറി സർജൻ | 8 | 7 | 1 | 1232000 | 902000 | 73 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 13 | 12 | 1 | 5925343 | 5513979 | 93.1 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 0 | 325000 | 325000 | 100 |
| വി ഇ ഒ | 18 | 14 | 4 | 29976840 | 8572074 | 29 |
| ഐസിഡിഎസ് സൂപ്പർവൈസർ | 15 | 15 | 0 | 5581643 | 4811022 | 86.2 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 2658726 | 1414689 | 53.2 |
| സെക്രട്ടറി | 38 | 30 | 8 | 17362713 | 14603843 | 84.1 |
| അസിസ്റ്റൻറ് സെക്രട്ടറി | 9 | 7 | 2 | 2232390 | 147040 | 65.9 |
| അസിസ്റ്റൻറ് എൻജിനീയർ | 77 | 64 | 13 | 19759940 | 15049403 | 76.2 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 1876000 | 132800 | 70.7 |
| ഹെഡ്മാസ്റ്റർ | 6 | 5 | 1 | 1319825 | 1237433 | 93.8 |

(ബി) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 204 | 173 | 31 | 93039383 | 57987425 | 62% |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 23895897 | 17604345 | 73.7 |
| എസ്.സി.പി. | 9893354 | 7609037 | 75.9 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് (ബേസിക്) | 4094257 | 3482730 | 85.1 |
| ധനകാര്യ കമ്മിഷൻ അവാർഡ്(ടൈഡ്) | 6318976 | 4369214 | 69.1 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4575000 | 2639193 | 57.7 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8549200 | 0 | 0 |
| തനത് ഫണ്ട് | 8805554 | 5461651 | 62 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7821822 | 5637159 | 72.1 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 8378832 | 1356255 | 16.2 |
| മെയിന്റനൻസ് നോൺ റോഡ് | 7524758 | 6763367 | 89.9 |
| മെയിന്റനൻസ് റോഡ് | 2782000 | 2664741 | 95.8 |
| മറ്റുള്ളവ | 20156199 | 4661847 | 23.1 |
| ആകെ | 113195582 | 62649272 | 55.3 |

3)ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം ആസൂത്രസമിതി 16 അംഗങ്ങളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ട്. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക എന്നീ ചുമതലകൾ ആസൂത്രസമിതി നിർവ്വഹിക്കുന്നുണ്ടെങ്കിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ ചുമതലകൾ നിർവഹിച്ചതായി ആസൂത്രണ സമിതി മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

4) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ് വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി(അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 24/19.07.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 13.05.2022 | I)പഞ്ചായത്ത് ആസ്തിയുള്ള ജലാശയങ്ങൾ ശുദ്ധീകരിച്ച് ഉപയോഗയോഗ്യം ആക്കുക<br>Ii) ആശ്രയ പദ്ധതി പ്രകാരം നൽകുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിവരുന്നു<br>Ii)സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയമാണ് |
| 2 | ആരോഗ്യം | 13.05.2022 | അലോപ്പതി ആശുപത്രിയിൽ കിടത്തി ചികിത്സ സൗകര്യം | സർക്കാർതലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 3 | സാമൂഹ്യക്ഷേമം | 13.05.2022 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിനുള്ള പദ്ധതികൾ രൂപീകരിക്കുക | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |
| 4 | ചെറുകിട വ്യവസായം | 13.05.2022 | വ്യവസായിക അടിസ്ഥാനത്തിൽ പശു വളർത്തുന്ന അവരിൽ നിന്നും പാൽ സംഭരിച്ച് പാലുൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |
| 5 | ജൈവവൈവിധ്യം, ദുരന്തനിവാരണം | 13.05.2022 | നാടൻ മാവുകൾ പുന്ന, പിണർ എന്നീ അന്യം നിന്നുപോയ മരങ്ങൾ വച്ചുപിടിപ്പിക്കുക | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |
| 6 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 13.05.2022 | വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യാൻ പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |
| 7 | പട്ടികജാതി വികസനം | 13.05.2022 | എസ്.സി കോളനികൾ കേന്ദ്രീകരിച്ച് പബ്ലിക് ലൈബ്രറി ആരംഭിക്കുക. | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |
| 8 | കുടിവെള്ളം ശുചിത്വം | 13.05.2022 | തെളിനീരൊഴുക്കും നവകേരളം പദ്ധതിയിലുൾപ്പെടുത്തി ജലസ്രോതസ്സുകളിൽ ഒഴുകിവരുന്ന മാലിന്യങ്ങൾ തടയുന്നതിനുള്ള പദ്ധതി നടപ്പാക്കുക | ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ നിലവിൽ പദ്ധതി നടപ്പാക്കാൻ സാധിക്കില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പരിഗണിക്കുന്നതാണ് |

5)സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 1(6)/07.02.2023-ാം നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 25/20.07.2023ന്റെ മറുപടി) |
|---|---|---|---|---|
| I1 | ദാരിദ്ര്യ ലഘൂകരണം | അതീവഗുരുതരം | സാമ്പത്തികപ്രതിസന്ധി | ദാരിദ്ര്യലഘൂകരണ മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു വെങ്കിലും ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്ക് തുക വകയിരുത്തേണ്ടിവരിക |
| 2 | വനിതാ വികസനം | അതീവഗുരുതരം | I) അംഗൻവാടികൾക്ക് ഭൂമി വാങ്ങൽ<br>Ii) അംഗൻവാടികൾക്ക് കെട്ടിട നിർമ്മിക്കൽ | |

| | | | | |
|---|---|---|---|---|
| | | | | അതിനാലാണ് മേൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തത് എന്നും വനിതാ വികസനം, ആരോഗ്യം കുടിവെള്ളം, ശുചിത്വം സാമൂഹ്യനീതി എന്നീ മേഖലകളിൽ ലഭ്യമായ തുകയ്ക്ക് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട് എന്നും വരും വർഷങ്ങളിൽ ഫണ്ട ലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ആണെന്നും അറിയിച്ചിരിക്കുന്നു. |
| 3 | ആരോഗ്യം | ഗുരുതരം | ജനറേറ്റർ സ്ഥാപിക്കൽ (പി എച്ച് സി ) | |
| 4 | കുടിവെള്ളം ശുചിത്വം | ഗുരുതരം | പ്ലാസ്റ്റിക് മാലിന്യം | |
| 5 | സാമൂഹ്യനീതി | ഗുരുതരം | ബഡ്സ് സ്കൂളുകളുടെ സ്ഥലസൗകര്യം കുറവ് | |

6)ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

7)മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയിട്ടിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8)മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

9)മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം.11ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

10)മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

11)മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല. സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 11 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

12)മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

## 1-6 ആഭ്യന്തര നിയന്ത്രണം-

1) പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾചുവടെ ചേർക്കുന്നു.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ എഗ്രിമെന്റ് രജിസ്റ്ററിൽ എഴുതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം തപാൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

സി) ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം രേഖപ്പെടുത്തി, ഡെസ്പാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേയ്ക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി മെസ്സേജ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്

2) ആസ്തിരജിസ്റ്റർ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചിട്ടില്ല.
3)പൗരവകാശരേഖ 10.1.2022 ൽ 2022 ലേതിനുശേഷം പുറപ്പെടുവിച്ചിട്ടില്ല.
4)വരവ് തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുത്തത് അഭിനന്ദനാർഹമാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-07-2023 തീയതിയിൽ 2.20 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2352/-(രണ്ടായിരത്തി മുന്നൂറ്റി അൻപത്തിരണ്ട് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6192600/- | 606 |
| വിധവാ പെൻഷൻ | 12722600/- | 1122 |
| വാർദ്ധക്യകാല പെൻഷൻ | 25016800/- | 2563 |
| വികലാംഗ പെൻഷൻ | 4432200/- | 423 |
| വിവാഹ ധനസഹായം | 90000/- | 3 |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 227600/- | 23 |

## 1-9 തൊഴിലുറപ്പ് പദ്ധതി-വ്യക്തിഗത ആനുകൂല്യം ക്രഡിറ്റായില്ല തുടർ നടപടി സ്വീകരിക്കണം

എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന നടപ്പിലാക്കിയ വ്യക്തിഗത ആനുകൂല്യങ്ങളിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് മെറ്റീരിയൽ ഇനത്തിലെ ചെലവായ തുക അക്കൌണ്ടിൽ ക്രഡിറ്റായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വർക്ക് കോഡ് | വർക്കിന്റെ പേര് | എം ബുക്ക് നം | ആകെ തുക | ക്രഡിറ്റാകാനുള്ള തുക |
|---|---|---|---|---|---|
| ശാന്ത/ക്ലീറ്റസ് | IF/528886 | സോക്ക് പിറ്റ് നിർമ്മാണം | 388/21-22 | 9407 | 5227 |
| റോസിലി | IF/608719 | സോക്ക് പിറ്റ് നിർമ്മാണം | 450/21-22 | 9555 | 4475 |
| ശാന്ത | IF/569802 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 188/21-22 | 13457 | 6477 |

മേൽ ഗുണഭോക്താക്കൾക്ക് മെറ്റീരിയൽ ഇനത്തിൽ ചെലവായ തുക ക്രഡിറ്റാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-29/22-23 തീയതി 20.07.2023 -ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ

പി.എഫ്.എം.എസ് ഐഡി ജനറേറ്റ് ആകാത്തതാണ് അപാകതയ്ക്ക് കാരണമെന്നും ജനറേറ്റ് ആകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടന്ന തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.12.21 മുതൽ 10.12.21 വരെ | 01.01.21 മുതൽ 31.07.21 വരെ | 20.06.2022 |
| എ.ജി.ഓഡിറ്റ് | 26.11.19 മുതൽ 10.12.19 വരെ | 2014-15 മുതൽ 2018-19 വരെ | 09.01.2020 |

## 1-11 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആദ്യത്തെ നൂറ് അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായും സസ്പെന്റ് ചെയ്യാതിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ്. | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | രാധ | 102840202998 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 18/3/2023 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 2 | ദാസയ്യൻ ആർ | 102840100092 | കർഷക തൊഴിലാളി പെൻഷൻ | 21/12/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 3 | പാറുകുട്ടി എം. | 102840200223 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 21/12/2022 | ആക്ടീവ് | 1/2023-2/2023 | 3200/- | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | ഡൈമൺഭായി ആർ | 102840202056 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 15/5/2022 | ആക്ടീവ് | 6/2022- 3/2023 | 16000/- | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 5 | ഗിരിജകുമാരി | 102840201612 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 16/5/2022 | സസ്പെൻഡ് | 6/2022 - 11/2022 | 3600/- | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 6 | ചാർലറ്റ് | 102840100879 | കർഷക തൊഴിലാളി പെൻഷൻ | 30/05/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 7 | എസ് രവീന്ദ്രൻ | 102840202427 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 4/6/2022 | സസ്പെൻഡ് | 7/2022 - 8/2022 | 1200/- | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 8 | ശ്യാമള | 102840601106 | വിധവ പെൻഷൻ സ്കീം | 9/6/2022 | ആക്ടീവ് | 7/2022- 3/2023 | 14400/- | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 9 | സുകുമാരൻ നായർ | 102840200272 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 20/6/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 10 | ദാസൻനാടാർ ആർ | 102840100017 | കർഷക തൊഴിലാളി പെൻഷൻ | 22/6/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 11 | അംബിക | 102840201194 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 28/6/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 12 | രവീന്ദ്രൻനായർ വി . കെ | 102840101091 | കർഷക തൊഴിലാളി പെൻഷൻ | 26/6/2022 | ആക്ടീവ് | 3/2023 | 600/- | സഹകരണ സംഘത്തിന് കൈമാറി. |
| 13 | മീനാക്ഷി എൻ | 102840600036 | ദേശീയ വിധവ പെൻഷൻ സ്കീം | 10/7/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 14 | വിശാലാക്ഷി | 102840200495 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/7/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |
| 15 | വിജയകുമാരൻ | 102840201125 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/7/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘത്തിന് കൈമാറി. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | പ്രഭാകരൻ | 102840100717 | കർഷക തൊഴിലാളി പെൻഷൻ | 20/7/2022 | ആക്ടീവ് | 3/2023 | 1600/- | സഹകരണ സംഘ ത്തിന് കൈമാറി. |

ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07 11.07.2023) മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - ശേഖരണം -60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം (1,2,3,4,5,6വാർഡുകൾ മാത്രം പരിശോധിച്ചതിൽ) മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് | കെട്ടിട നംമ്പർ | പേര് | ഫ്ളോർ ഏരിയ |
|---|---|---|---|
| 1 | 115 | വിനോദ് | താഴത്തെ നില (63ച മീ) |
| 1 | 237 | ബാബു.ജി | താഴത്തെ നില (64ച മീ) |
| 1 | 255 | സന്തോഷ്കുമാർ | താഴത്തെ നില (72ച മീ) |
| 1 | 264 | കേശവൻ പിള്ള | താഴത്തെ നില (70ച മീ) |
| 1 | 274 | സുരേഷ് | താഴത്തെ നില (77ച മീ) |
| 1 | 311 | ദേവദാസ് | താഴത്തെ നില (80ച മീ) |
| 2 | 331 | സെൽവനോസ് | താഴത്തെ നില (77ച മീ) |
| 2 | 332 | ദിലീപ് കുമാര് | താഴത്തെ നില (64ച മീ) |
| 3 | 88 | സുകുമാരന് | താഴത്തെ നില (70ച മീ) |
| 3 | 101 | സുകുമാരൻ | താഴത്തെ നില (63ച മീ) |
| 3 | 157 | ശാന്തകുമാരി | താഴത്തെ നില (77ച മീ) |
| 3 | 166 | നാണു | താഴത്തെ നില (66ച മീ) |
| 3 | 175 | ഗോപിനാഥന് നായർ | താഴത്തെ നില (100ച മീ), ഒന്നാം നില (70ച മീ) |
| 3 | 414 | വേലപ്പൻ നായർ | താഴത്തെ നില (88ച മീ) |
| 4 | 87 | പൊന്നയ്യൻ | താഴത്തെ നില (69.9ച മീ) |
| 4 | 278 | രാജേന്ദ്രൻ | താഴത്തെ നില (76.38ച മീ) |
| 4 | 332 | ബാബു | താഴത്തെ നില (65.52ച മീ) |
| 4 | 342 | പ്രശാന്ത് | താഴത്തെ നില (85.17ച മീ) |
| 4 | 365 | ശാന്തകുമാർ | താഴത്തെ നില (69.185ച മീ) |
| 4 | 370 | മോഹനൻ | താഴത്തെ നില (78.75ച മീ) |
| 4 | 407 | ജോണി | താഴത്തെ നില (72.76ച മീ) |
| 4 | 419 | ബിനു | താഴത്തെ നില (65.6ച മീ) |

| | | | |
|---|---|---|---|
| 4 | 433 | ഫാദർ | താഴത്തെ നില (184ച മീ) |
| 4 | 434 | ഫാദർ | താഴത്തെ നില (97.75ച മീ) |
| 4 | 453 | അജികുമാർ.റ്റി | താഴത്തെ നില (65ച മീ) |
| 4 | 460 | രാധ | താഴത്തെ നില (64ച മീ) |
| 4 | 555 | ലളിത | താഴത്തെ നില (75.24ച മീ) |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.21/19.07.2023ന് 16വാർഡുകളിലും ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് സഞ്ചയ സോഫ്റ്റ് വെയറിലും ഫീൽഡ് തലത്തിലും പരിശോധന നടത്തി നികുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ആയത് ചുമത്തി കുടിശ്ശിക നികുതി ഉൾപ്പെടെ പിരിച്ചെടുക്കുന്നതാണെന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 മിയാവാക്കി വനം നിർമ്മാണം-തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര വിനിയോഗവും ഉറപ്പവരുത്തുന്നതിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിന്ന് കൊല്ലയിൽ ഗ്രാമപഞ്ചായത്തിന് 4 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ധനുവച്ചപുരം ITI /യിലെ ക്യാമ്പസിൽ മിയാവാക്കി മാതൃകാവനം നിർമ്മാണത്തിനായി നിർവഹണ ഏജൻസിയായി AGES(Agriculture&Ecosystem Management)നെ ചുമതലപ്പെടുത്തി . 3,84,350/- രൂപയാണ് AGES ന്റെ കരാർ തുക.ആദ്യ ഗഡുവായി 1,92,175 /- രൂപ 2021-22 ൽ വൗച്ചർ നമ്പർ 22200347/19.08.22 രൂപയും 1,53,740/- രൂപയും വൗച്ചർ നമ്പർ 2201074/31.03.23 പ്രകാരം 38,435/- രൂപയും നിർവ്വഹണ ഏജൻസിയായ AGEs ന് കൈമാറി. നൂതന പ്രോജക്ടായ മിയാവാക്കി പ്രോജക്ടിന്റെ തുടർ പരിപാലനം പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-14 അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-3,99,440/- രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് 2022-23 ൽ അസി.സെക്രട്ടറി മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കോണ്ടതാണ്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | തുക | ട്രഷറി ബിൽ നമ്പർ/തിയതി |
|---|---|---|---|---|
| 1. | 114/23 | എസ്.എസ്.എ.വിഹിതം നല്കൽ | 50,000 | 15/20.09.22 |
| 2. | 113/23 | പാഥേയം | 3,49,440 | 21/25.12.22 |

## 1-15 കന്നുകുട്ടി പരിപാലനം പദ്ധതി - മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയിട്ടില്ല 39827/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 57/23

തുക-162500/-

ബിൽ നം - 03/19.05.2022 (ട്രഷറി ബിൽ ബുക്ക് പ്രകാരം)

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2022-23 വർഷം 162500/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. SLBP പദ്ധതിയിൽ ചേർത്തിട്ടുള്ള നാലു മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് സബ്സിഡി തുകയായി 12500/- രൂപ തീരുന്നതുവരെ അല്ലെങ്കിൽ പ്രായം 30 മാസം വരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ ഓരോ മാസവും തിരഞ്ഞെടുത്തിട്ടുള്ള ക്ഷീരസംഘം വഴി നൽകുന്നതിനാണ് തുക ചെലവഴിക്കുന്നത് . SLBP ഡെപ്യൂട്ടി ഡയറക്ടറുടെ 13.07.2023ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 122673/- രൂപ വിനിയോഗിച്ചതായും 39827/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായും പദ്ധതി നിലവിലും തുടരുന്നതായും അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി.4/ 11.07.2023) അവശേഷിക്കുന്ന തുക ചെലവാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല-3,00,000/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| പ്രോജക്റ്റ് നം | 73/23 |
| അടങ്കൽ തുക | 300000 |
| ചെലവ് തുക | 300000 |
| ട്രഷറി ബിൽ നം/ തീയതി | 1/22-23 , 18.10.22 |

സ.ഉ(കൈ)നം-115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.6.4 പ്രകാരം ആരോഗ്യവകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോയിൽ മരുന്നുകൾ വാങ്ങാവുന്നതാണ്. പ്രസ്തുത പ്രോജക്റ്റിനായി 300000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയിസ് എന്നിവ ഹാജരാക്കിയില്ല. പ്രസ്തുത രേഖകളും, സ്റ്റോക്ക് രജിസ്റ്ററുകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-1/22-23 തീയതി 10.07.2023 -ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| പ്രോജക്റ്റ് നം | 71/23 |
| അടങ്കൽ തുക | 800000 |
| ചെലവ് തുക | 799999 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വയോജന പരിപാലനം |
| പ്രോജക്റ്റ് നം | 145/23 |
| അടങ്കൽ തുക | 774950 |
| ചെലവ് തുക | 774950 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വയോജന പരിപാലനം മരുന്നു വാങ്ങൽ |
| പ്രോജക്റ്റ് നം | 174/23 |
| അടങ്കൽ തുക | 150660 |
| ചെലവ് തുക | 150660 |

സ.ഉ(കൈ)നം-115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.6.4 പ്രകാരം ആരോഗ്യവകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങാവുന്നതാണ്. മേൽ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിനായി ഔഷധിക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത്. കൂടാതെ ആരോഗ്യവകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവൂ എന്ന നിർദ്ദേശം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം പദ്ധതി-മോണിറ്ററിംഗ് ഫലപ്രദമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം |
| പ്രോജക്റ്റ് നം | 124/23 |
| അടങ്കൽ തുക | 880592 |

| | |
|---|---|
| ചെലവ് തുക | 866200 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

സ.ഉ (കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 14(1) പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. ഖണ്ഡിക 14(3) പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്റ്റുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം, നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണശേഷവും പ്രോജക്റ്റ് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-03/2022-23 തീയതി 11.07.2023-ന് വരും വർഷങ്ങളിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടിയായി അറിയിക്കുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പോലുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്ന് വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതും അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുകയായ 836969/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തിൽ കൊല്ലയിൽ പഞ്ചായത്ത് സെക്രട്ടറി നിർവഹിച്ച ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ചെക്ക് നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 156/23 | ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് ആസൂത്രണമന്ദിര നിർമ്മാണം- വിഹിതം നൽകൽ | 3,50,000 | 3,50,000 | 2752237/ 30.03.2023 | ഡി.പി.സി ചെയർപേഴ്സൻ& അണ്ടർ സെക്രട്ടറിയുടെ അക്കൌ ണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. |
| 2 | 111/23 | എസ്.എസ്.എ. വിഹിതം നൽകൽ | 50,000 | 50,000 | 086738/ 17.03.2023 | പാറശ്ശാല ബി.ആർ.സിയുടെ അക്കൌണ്ടി ലേക്ക് തുക കൈമാറി യി ട്ടുണ്ട്. |
| 3 | 104/23 | ഐ.കെ.എം . വിഹിതം നൽകൽ | 100000 | 86,675 | 086750/ 13.02.2023 | |
| 4 | 182/23 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 46519 | 46519 | 086674/ 30.12.2022 | കെ.എസ്.ഇ.ബി ഉദിയൻ കുളങ്ങര |
| 5 | 157/23 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 603481 | 502947 | 074802/ 04.11.22 303775/-<br>074807/ 22.11.22 49914/- | 30,3775 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യില്ല |

| | | | | | 086752/ 14.02.2023 149258/- | |
|---|---|---|---|---|---|---|
| | | | ആകെ | 836969/- | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-16/22-23 തീയതി 15.07.2023-ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 836969/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സംയുക്ത പരിശോധന നടത്തേണ്ടത് അനിവാര്യം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് ടാപ്പുകളുടെ കുടിവെള്ളചാർജ്ജ് അടവാക്കൽ |
| പ്രോജക്ട് നം | 183/23 |
| അടങ്കൽ തുക | 347280 |
| ചെലവ് തുക | 347280 |
| ബിൽനം/തീയതി | 16/22-23 തീയതി 27.12.23 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 90 വാട്ടർടാപ്പുകൾക്കാണ് പ്രതിമാസം വെള്ളക്കരം കണക്കാക്കിയിട്ടുള്ളത്. തെരുവ് ടാപ്പുകളുടെ രജിസ്റ്ററിൽ പ്രകാരം 90 ടാപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. ഇപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-15/22-23 തീയതി 15.07.2023-ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ജലജീവൻ മിഷൻ പ്രകാരം ഗുണഭോക്താക്കളുടെ വീടുകളിൽ കുടിവെള്ളം ലഭ്യമാകുന്ന സാഹചര്യത്തിൽ യഥാർത്ഥത്തിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ വെള്ളക്കരം ഒടുക്കുന്നതെന്ന് വ്യക്തമല്ല. ഇതുവരെയായി എത്ര ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും അത് എവിടെയൊക്കെയാണ് എന്നും, അവയെല്ലാം പ്രവർത്തനക്ഷമമാണ് എന്നും ഉറപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ- പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം S0227/22,s0017/23
അടങ്കൽ -48,000/
ഫണ്ട് -തനത്
ചെലവ് -19,200/
ചെക്ക്നമ്പർ -092097/23.3.23( വൗച്ചർ നം 22201030/23.3.23

ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകളിലുമുള്ള എല്ലാ ആസ്തികളെയും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ഈ പ്രോജക്ടിനായി 19200/- രൂപ അർജുൻ.ആർ.എസ്സിന് നല്കിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട്,അസറ്റ് രജിസ്റ്റർ, ഡിജിറ്റലൈസേഷൻ എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/15.07.23) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 19200/-രൂപ തടസ്സപ്പെടുത്തുന്നു. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ ചെയ്ത് പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് സാംസ്കാരിക നിലയം-അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കേണ്ടതാണ്.

ധനുവച്ചപുരം സാംസ്കാരിക നിലയം നവീകരിക്കുന്നരിനായി സി.എഫ്.സി.ഫണ്ട് ഉപയോഗിച്ച് 2 ലക്ഷം രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ച് ഭരണാനുമതിയും,സാങ്കേതിക അനുമതിയും ലഭ്യമാക്കി ക്വട്ടേഷൻ ക്ഷണിച്ചു. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.ഷിജു.കെ.എൽ ന് 109607/- രൂപയ്ക്ക് 12/10/2022 ന് സൈറ്റ് കൈമാറുകയും ചെയ്തു. സെക്യൂരിറ്റി ഡെപ്പോസിറ്റ്, പെർഫോമൻസ് ഗ്യാരണ്ടി എന്നിവ അടച്ചതിനുശേഷം സൈറ്റിലെത്തിയപ്പോൾ പ്രവർത്തി ആരംഭിക്കുന്നതിന് കരാറുകാരന് തടസ്സം നേരിട്ടു. തൊട്ടടുത്ത വസ്തുവിന്റെ ഉടമ ഈ വസ്തുവിൽ ഉടമസ്ഥാവകാശം ഉന്നയിച്ച് പ്രവർത്തി തുടങ്ങാൻ അനുവദിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.13/19.07.23 ന് മറുപടിയായി സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള സാംസ്കാരിക നിലയം യഥാവിധി

മതിൽ കെട്ടി സംരക്ഷിക്കാത്തതിനാലാണ് ഇത്തരത്തിൽ തർക്കത്തിൽ ഉൾപ്പെട്ടത്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സാംസ്കാരിക നിലയം അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചില്ല

3-ാം പദ്ധതി കാലയളവിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ഇനത്തിൽ തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക |
|---|---|---|---|
| 2017-18 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 800000 |
| 2018-19 | ആനക്കുന്ന് അംഗൻവാടി കുടിവെള്ള പദ്ധതി (40) | കേരള വാട്ടർ അതോറിറ്റി | 21000 |
| | തുപ്പലവൂർ പുന്നക്കാല റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (73) | | 199000 |
| | അയണംകോട്-തേവരത്തലവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (79) | | 160000 |
| | കുടിവെള്ളത്തിന് പൊതുടാപ്പ്-കാവ് മുതൽ പാലപ്പള്ളി വരെ(142) | | 51000 |
| | ആയുർവേദ ആശുപത്രി വൈദ്യുതീകരണം (198) | കെ.എസ്.ഇ.ബി | 14845 |
| 2019-20 | സൂപ്പർ മുക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (145) | കേരള വാട്ടർ അതോറിറ്റി | 290000 |
| | അയണംകോട്-തേവരത്തലവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (146) | | 90000 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (138) | കെ.എസ്.ഇ.ബി | 196918 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (261) | | 40000 |
| 2020-21 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (50) | കെ.എസ്.ഇ.ബി | 46820 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (164) | | 44840 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(173) | | 24999 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (238) | | 49914 |
| | വാറുതട്ട ലൈൻ എക്സ്റ്റൻഷൻ(291) | | 14479 |
| 2021-22 | പ്ലാവണ്ണറക്കുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (166) | കേരള വാട്ടർ അതോറിറ്റി | 502500 |
| | പരുത്തിവിള അംഗൻവാടിയിൽപോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകൽ(210) | കെ.എസ്.ഇ.ബി | 29570 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(222) | | 17218 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/22-23 തീയതി 19.07.2023 -ന് ലഭ്യമാക്കിയ മറുപടിയിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയെങ്കിലും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത - 57030/- രൂപ അധികമായി നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ധനശ്രീ ആഡിറ്റോറിയത്തിൽ കിച്ചൺ ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം | 66/23 |
| അടങ്കൽ തുക | 450000 |

| | |
|---|---|
| ചെലവ് തുക | 411484 |
| ബിൽനം/തീയതി | 266/06.02.2023 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച 3 ടെണ്ടറുകളിൽ ഉപകരണങ്ങളുടെ ആകെ വിലയിൽ കുറവ് തുക ക്വാട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(4) പ്രകാരം ടെണ്ടറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് പരിഗണിക്കേണ്ടതാണ്. പദ്ധതി പ്രകാരം 41 ഇനം ഉപകരണങ്ങൾ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ മേൽ നിബന്ധന പാലിക്കാത്തതിനാൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയതിലൂടെ ഗ്രാമപഞ്ചായത്തിന് അധികമായി തുക ചെലവഴിക്കേണ്ടി വന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കിച്ചൻ ഉപകരണങ്ങളുടെ എണ്ണം | ക്വാട്ട് ചെയ്ത തുക | | വാങ്ങിയ നിരക്ക് | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| | | സിഡ്കോ | ശബരി സ്റ്റീൽ ഫർണിച്ചർ | | |
| ചട്ടുകം | 4 | 2400 | 5100 | 5100 | 2700 |
| കണ്ണാപ്പ (വലുത്) | 2 | 690 | 2900 | 2900 | 2210 |
| കണ്ണാപ്പ (ചെറുത്) | 2 | 690 | 1700 | 1700 | 1010 |
| സ്റ്റീൽ തവി (ചെറുത്) | 50 | 2300 | 7500 | 7500 | 5200 |
| നീലകാത് | 6 | 3840 | 8100 | 8100 | 4260 |
| സ്റ്റീൽ പ്ലേറ്റ് | 400 | 18400 | 56000 | 56000 | 37600 |
| ചായകെറ്റിൽ | 3 | 2820 | 4950 | 4950 | 2130 |
| തട്ടം | 12 | 1800 | 3720 | 3720 | 1920 |
| | | | | ആകെ | 57030 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/2022-23 തീയതി 19.07.2023 നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(4) പ്രകാരം ടെണ്ടറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് പരിഗണിക്കണമെന്ന നിബന്ധന പാലിക്കാതെ 3 ടെണ്ടറുകളിൽ ആകെ ഉപകരണങ്ങളുടെ വിലയിൽ കുറവ് തുക ക്വാട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചർ വെള്ളനാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് 57030/- രൂപ നഷ്ടമുണ്ടായി. സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ കൃത്യമായി പാലിച്ച് വാങ്ങൽ നടപടികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ടാക്സ് ഓഡിറ്റ്-ലഭ്യമായ വിവരങ്ങളുടെ അവലോകനം

- 2022-23 സാമ്പത്തിക വർഷത്തിൽ 100% വസ്തുനികുതി, തൊഴിൽ നികുതി പിരിവ് കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.
- സ.ഉ.(അച്ചടി)25/2023/ത.സ്വ.ഭ.വ തീയതി 5/4/2023 പ്രകാരം നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി നിരക്കുകളും 15/07/2023 തീയതിയിലെ 7(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച എങ്കിലും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.
- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.
- പഞ്ചായത്തിൽ നിന്നും സേവന ഉപനികുതി ചുമത്തുന്നില്ല.
- ILGMS ൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്.
- എല്ലാ മാന്വൽ രസീതുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്.
- കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.
- ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഡെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്.
- ഡേറ്റ പൂരിഫിക്കേഷൻ പൂർത്തിയാക്കി ലോക്ക് ചെയ്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - (തദ്ദേശ സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് | കൊല്ലയിൽ കാർഷിക കർമ്മസേനയ്ക്ക് കൊയ്ത്ത് മെതിയന്ത്രം നൽകൽ | 1496270 |
| | ലൈഫ് എസ്.സി. അഡീഷണൽ | 460000 |
| | അനുപൂരക പോഷകഹാരം | 100000 |
| | തെരിയംവീട് പുളിയരതരിശ്ശ റാമ്പ് (വാർഡ് 16) | 424355 |
| | ക്ഷീരസമൃദ്ധി (ജനറൽ) | 0 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(ജനറൽ) | 600000 |
| | സ്നേഹസ്പർശം | 305250 |
| | കുഴിയാറാത്തല ആറ്റടിമൂല റോഡ് കോൺക്രീറ്റിംഗ് വാർഡ്-7 | 551284 |
| | ലൈഫ് എസ്.സി 2022-23 | 200000 |
| | ലൈഫ് ജനറൽ | 1300000 |
| | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 200000 |
| | ആകെ | 5637159 |
| ജില്ല | ലൈഫ് എസ്.സി. അഡീഷണൽ | 0 |
| | ക്ഷീരസമൃദ്ധി (ജനറൽ) | 0 |
| | സ്നേഹസ്പർശം | 128875 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 252130 |
| | സ്നേഹസ്പർശം | 305250 |
| | ഹരിത ഭവനം | 70000 |
| | ലൈഫ് എസ്.സി 2022-23 | 600000 |
| | ലൈഫ് ജനറൽ-2022-23 | 0 |
| | ലേബർ ബാങ്ക് | 0 |
| | ആകെ | 1356255 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | 2021-22 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1657384/- | 5637159- | 7294543/- | 5637159/- | 214553/- |
| ജില്ലാ പഞ്ചായത്ത് | 172315/- | 1356255/- | 1528570/- | 1356255/- | 0/- |

വാർഷിക ധനകാര്യപത്രികയിലെ (ബി-4) നീക്കിയിരിപ്പും വരവ് ചെലവ് വ്യത്യാസത്തിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പ്രവൃത്തി | ഏജൻസി | നൽകിയ തുക | ചെലവ് | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(182/23) | കെ.എസ്.ഇ.ബി | 46519 | ----- | 46519 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (157/23) | കെ.എസ്.ഇ.ബി. | 502947 | 199172 | 303775 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

2022-23 വർഷത്തിൽ വായ്പാ തിരിച്ചടച്ചതിന്റെയും വർഷവസാനം തിരിച്ചടവക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പാ ഇനം | 2021- 22 ൽ തിരിച്ചടവാക്കാനുള്ള തുക | 2022-23 ൽ ലഭിച്ച തുക | 2022-23 ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടവാ ക്കാനുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷാവസാനം തിരിച്ചടവാ ക്കാനുള്ള തുക(B-5) |
|---|---|---|---|---|---|
| HUDCO | 49895278 | 4400000 | 5415851 | 48879427 | 48879427 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല.

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11722251 ( മുൻവർഷ RP-40(b) പ്രകാരം)<br>11722256 (തൻവർഷ RP-40(a) പ്രകാരം) |
| ഓഡിറ്റ് വർഷത്തെ വരവ് | 43672044 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 44243727 |
| നീക്കിയിരിപ്പ് | 11150573 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1276236 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,99,440 | ശ്രീ.അശോക് കുമാർ.എസ്, അസി.സെക്രട്ടറി. |
| 1-15 | 39,827 | ഡോ.പ്രദീപ്.എസ്.വി.(വെറ്റിനറി സർജൻ.) |
| 1-19 | 8,36,969 | ശ്രീ.എസ്.ഒ.ഷാജി കുമാർ.(സെക്രട്ടറി) |
| ആകെ | 1276236 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.ഒ.ഷാജികുമാർ | സെക്രട്ടറി, കൊല്ലയിൽ പഞ്ചായത്ത് | എസ്.എസ്.ഭവൻ, തിരുപുറം.പി.ഒ |
| അശോക് കുമാർ എസ് | അസി.സെക്രട്ടറി, കൊല്ലയിൽ പഞ്ചായത്ത് | എ.ജെ.വില്ല, പൊറ്റയിൽകട, പ്ലാമൂട്ടുക്കട |
| ഡോ.പ്രദീപ്.എസ്.വി | വെറ്ററിനറി സർജൻ, പാറശ്ശാല പഞ്ചായത്ത് | വിമൽ വില്ല, ഇലങ്കം റോഡ്, വഴുതൂർ, നെയ്യാറ്റിൻകര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 5<br>(33, 35, 36, 37, 38) |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 1<br>(38) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 4<br>(3-3, 3-5, 3-7, 3-8) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 1<br>(3-3) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 3<br>(3-6, 3-9, 3-11) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1126/2018 തീയതി 22.05.2018 | 20 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2064/2019 തീയതി 28.01.2020 | 29 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/327/2019 തീയതി 02.04.2022 | 17 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/490/2022 തീയതി 11.05.2022 | 38 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2079/2022 തീയതി 28.02.2023 | 45 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

BT

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 03-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kollayil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kollayil Grama Panchayat for the year 2022-2023

Date: 15/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kollayil Grama Panchayat for the Year 2022-2023.

**1.Major Observations**

1. Closing Balance of 2021-22 (B-17 & Rp-40(b) and Opening Balance of 2022-23 (Rp-40(a) is not matching.

**2.Other Observations**

1) Ratios, the mandatory financial statements prescribed in accounting rules are not submitted for audit.
2) Cash flow statement â Net increase/decrease in cash flow does not match with the difference.
3) The Closing Balance of SBI E- Payment (Account Number 37252623661) is not matching with the Closing Balance in the AFS and Bank Book. Reconciliation is not made.
4) Made excess expenditure of Rs. 6,747,662/- over income and shows a deficit account.
5) Closing stock at the end of financial year not verified & recorded in B 14 schedule of balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്